2. വകുപ്പിലെ വനിതാ വാർഡൻ, കെയർ മദർ, ലിറ്ററസി ടീച്ചർ, നഴ്സറി ടീച്ചർ, മേട്രൺ ഗ്രേഡ് 1 എന്നീ തസ്തികകളിൽ നിന്നുള്ള പ്രൊമോഷൻ നേരിട്ടുള്ള നിയമനം, പ്രൊമോഷൻ എന്നിവയ്ക്കുള്ള അനുപാതം 3:1 എന്നാണ്.

ഇപ്പോൾ സൂപ്പർവൈസർമാരുടെ നേരിട്ടുള്ള നിയമനത്തിന് 278 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ തസ്തികകൾ വനിതകൾക്കായി മാത്രം സംവരണം ചെയ്തിട്ടുണ്ട്.

(സി) 5.8.92-ലെ ജി.ഒ.(പി)28/92/ സാക്ഷേവ. നമ്പർ മുഖേന പ്രസിദ്ധീകരിച്ച സ്പെഷ്യൽ റൂൾസിൽ ഈ സംവരണക്കാരും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

61 (1287) സാമൂഹ്യക്ഷേ വകുപ്പിലെ വാഹന ദുരുപയോഗം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ വാഹന ദുരുപയോഗം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ വാഹനങ്ങളുടെ ദുരുപയോഗം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

62 (1288) ധാതു വിഭവങ്ങളുടെ അനധികൃത ഖനനം

ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതു വിഭവങ്ങൾ അനധികൃതമായി ഖനനം ചെയ്ത് കടത്തിക്കൊണ്ട് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുവാൻ രൂപീകരിച്ചിട്ടുള്ള സ്കാഡുകൾ നിലവിലുണ്ടോ;

(സി) ധാതുവിഭവങ്ങൾ ഖനനം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിയന്ത്രണങ്ങൾ ലംഘിച്ച് ഖനനം നടത്തുകയും കടത്തുകയും ചെയ്തതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ധാതുവിഭവങ്ങൾ ഖനനം ചെയ്ത് കടത്തുന്നത് നിയന്ത്രിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനധികൃതമായി ധാതുക്കൾ ഖനനം ചെയ്ത് കടത്തിക്കൊണ്ടു പോകുന്നത് കണ്ടെത്തി നിയമാനുസൃത നടപടികൾ എടുത്തു വരുന്നുണ്ട്.

(ബി) ഉണ്ട്. കോഴിക്കോട് ആസ്ഥാനമായി ഉത്തരമേഖല സ്ക്വാഡും തിരുവനന്തപുരം ആസ്ഥാനമായി ദക്ഷിണമേഖല സ്ക്വാഡും നിലവിലുണ്ട്.

(സി) നിയമാനുസൃതമായ അനുവാദം വാങ്ങാതെയും ചട്ടങ്ങൾക്കു വിരുദ്ധമായുമുള്ള ധാതു ഖനന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവ നിരോധിച്ചിട്ടുണ്ട്.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ 14 ജില്ലാ ആഫീസുകളും 2 മിനറൽ സ്ക്വാഡുകളുമായി ബന്ധപ്പെട്ട് വിവരം ശേഖരിച്ചുവരുന്നു.

(ഇ) അനധികൃത ധാതു ഖനനവും കടത്തലും തടയുവാൻ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നടപടികൾ എടുത്തുവരുന്നുണ്ട്.

63 (1289) കശുവണ്ടി വികസനം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വികസനം ലക്ഷ്യമിട്ടുകൊണ്ട് എതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കശുമാവ് വികസന കൗൺസിലിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവശ്യാനുസരണം തോട്ടണ്ടി ലഭ്യമാക്കുന്നതിലേയ്ക്ക് ആഭ്യന്തരമായി കൂടുതൽ തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്നതിനു കശുമാവ് കൃഷി വികസിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ് കശുമാവ് കൃശി വികസനത്തിന്റെ പ്രാരംഭമായി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ കോമ്പൗണ്ടിൽ കശുമാവ് കൃഷി ആരംഭിക്കാൻ പരിപാടി ഇട്ടിട്ടുള്ളതും കൂടാതെ കെ.എം.എം.എൽ-ന്റെ ഫാക്ടറി കോമ്പൗണ്ടിൽ കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതുമാണ്. തരിശു ഭൂമികളിലും പുറമ്പോക്ക് ഭൂമികളിലും മുന്തിയ ഇനം കശുമാവ് വച്ച് പിടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. തിരുവ

LIBRARY ARCHIVES Kerala Legislative Assembly